## ? ചോദ്യോത്തരം
### മുജീബ്

# മലർന്നു കിടന്നു തുപ്പുന്നവർ

*■ രാജ്യത്തും അയൽരാജ്യങ്ങളിലും നടക്കുന്ന എല്ലാ മുസ്‌ലിം തീവ്രവാദത്തിന്റെയും മാസ്റ്റർ ബ്രെയ്ൻ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയാണെന്ന് ഇരു മുജാഹിദ് വിഭാഗങ്ങളും മത്സരബുദ്ധിയോടെ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ ജമാഅത്തെ ഇസ്‌ലാമിക്കോ അനുബന്ധ സംഘടനകൾക്കോ ഏതെങ്കിലും പ്രവർത്തകർക്കോ തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളതായി അവർ വ്യക്തമാക്കിയിട്ടില്ല.*

*എന്നാൽ കശ്മീർ ഉൾപ്പെടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും പാകിസ്താൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്താൻ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലുമുള്ള പല തീവ്രവാദി സംഘടനകളും സലഫീ ആശയക്കാരായ സംഘടനകളോ വ്യക്തികളോ ആണെന്ന് ഇതിനകം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. മുംബൈ ഭീകരാക്രമണത്തിൽ ആരോപണ വിധേയമായ പാകിസ്താൻ തീവ്രവാദി സംഘടനയും വ്യത്യസ്തമല്ല.*

*രാജ്യത്ത് വ്യവസ്ഥാപിതമായി അവധാനപൂർവം പ്രവർത്തിക്കുകയും വിവിധ പ്രശ്നങ്ങളിൽ നിലപാട് വ്യക്തമാക്കുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമി എന്തുകൊണ്ടാണ് തീവ്രവാദത്തിന്റെ ഈ വൈരുധ്യത്തെക്കുറിച്ച് പ്രതികരിക്കാത്തത്? ഐക്യത്തിന്റെയും പ്രതിപക്ഷ ബഹുമാനത്തിന്റെയും മാത്രം പ്രശ്നമാണോ ഇത്?!*

***പി.വി ഉമർകോയ കല്ലായി,***
***കോഴിക്കോട്***

**മു**സ്‌ലിം തീവ്രവാദത്തിന്റെ മാസ്റ്റർ ബ്രെയ്നായി, സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയെ തീവ്രവാദത്തിനെതിരെ കുരിശുയുദ്ധത്തിലേർപ്പെട്ട അമേരിക്ക പോലും പ്രഖ്യാപിച്ചിട്ടില്ല. അവർ കോടികൾ ഓഫർ ചെയ്ത് വേട്ടയാടുന്ന ഉസാമാ ബിൻലാദിനോ മുല്ലാ ഉമറോ മൗദൂദി ചിന്താധാരയുടെ സന്തതികളുമല്ല. ഉസാമ സലഫിയാണെങ്കിൽ മുല്ലാ ഉമർ സുന്നി യാഥാസ്ഥിതികനാണ്. തീവ്രവാദമാരോപിച്ച് അമേരിക്ക പാകിസ്താന് കൈമാറിയ 35 സംഘടനകളുടെ പട്ടികയിൽ ഒന്നുപോലും

ജമാഅത്തെ ഇസ്‌ലാമിയോടോ മൗദൂദിയോടോ ബന്ധപ്പെട്ടതല്ല. പാകിസ്താനിലാകട്ടെ തുറന്ന സാമ്രാജ്യത്വ വിരുദ്ധ നിലപാട് സ്വീകരിച്ചുകൊണ്ട് ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ പോഷക സംഘടനകളും രംഗത്തുണ്ടുതാനും. സ്വാത്ത്-വസീറിസ്താൻ മേഖലയിൽ താലിബാൻ ആക്രമണവും പാക് പട്ടാളത്തിന്റെ പ്രത്യാക്രമണവും ഭയന്ന് എല്ലാ മതേതര നാട്യക്കാരും കൂടൊഴിഞ്ഞു പോയപ്പോൾ രണ്ടു കൂട്ടരെയും പേടിക്കാതെ നിൽപുറപ്പിക്കാനുണ്ടായത് ജമാഅത്തെ ഇസ്‌ലാമി മാത്രമാണെന്ന് റിപ്പോർട്ടുകൾ വന്നു. ഇങ്ങിവിടെ കേരളത്തിൽ മാത്രം ജമാഅത്തെ ഇസ്‌ലാമിയോടുള്ള കുടിപ്പക തീർക്കാൻ ഏത് പുൽക്കൊടിയും പിടിക്കുന്ന കുറച്ചു വെറിയന്മാരുണ്ട്. ഇരു സലഫി സംഘടനകളിലുമുണ്ട് അത്തരക്കാർ. സമുദായം മൊത്തം വേട്ടയാടപ്പെടുമ്പോൾ മതപരമായ ഭിന്നാഭിപ്രായങ്ങളുടെ പേരിലെ കണക്കു തീർക്കാൻ ഇസ്‌ലാമിനോട് പ്രതിബദ്ധതയുള്ള ഒരു പ്രസ്ഥാനത്തിന് സാധ്യമല്ല. സലഫിസം മൗലികമായി ഖുർആനിലും സുന്നത്തിലും ഊന്നുന്ന ഒരു ഇസ്‌ലാമിക ചിന്താധാരയാണ്. അത് തീവ്രവാദത്തിന്റെയോ ഭീകരതയുടെയോ പ്രഭവ കേന്ദ്രമല്ല. മൗദൂദി ചിന്താധാരയിലൊഴിച്ച് മറ്റെല്ലാറ്റിലും തീവ്രവാദികളുണ്ട്, സലഫികളിലുമുണ്ട്. പിളർപ്പും അതിന്റെ ഭാഗമാണ്. ഇസ്‌ലാമിക പ്രമാണങ്ങളുടെ വിശാല ചട്ടക്കൂട്ടിലൊതുങ്ങി ബോധവത്കരണത്തിലൂടെ തിരുത്തപ്പെടേണ്ടതാണ് തീവ്രവാദം. പുര കത്തുമ്പോൾ വാഴ വെട്ടുകയല്ല ഇസ്‌ലാമിക പ്രവർത്തകരുടെ ജോലി.

## കണ്ടറിയാത്തവർ കൊണ്ടറിയും

■ *"സുഊദി അറേബ്യ വഹാബി പശ്ചാത്തലമുള്ള ഒരു രാജ്യമാണ് എന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. എന്നാൽ 'വഹാബിസം' എന്ന പേരിൽ സംഘടിതവും ഏകശിലാത്മകവുമായ ഒരു ഇസ്‌ലാം അവിടെ എന്നല്ല, ലോകത്ത് മറ്റെവിടെയും നിലവിലില്ലെന്നതാണ് സത്യം. മുസ്‌ലിം നവോത്ഥാന നായകന്മാരിൽ പ്രമുഖനായ മുഹമ്മദ്ബ്നു അബ്ദിൽ വഹാബിലേക്ക് ചേർത്തിക്കൊണ്ടാണ് 'വഹാബിസം' അറിയപ്പെടുന്നത്. അദ്ദേഹം അങ്ങനെ ഒരിസം സ്ഥാപിച്ചിട്ടില്ല. എന്നല്ല, അദ്ദേഹത്തിന്റെ ആശയങ്ങളെ ആക്ഷേപിക്കാനാണ് ആ വാക്ക് ഉപയോഗിച്ചിട്ടുള്ളത്. വിശുദ്ധ ഖുർആനിൽ വിശദീകരിക്കുകയും മുഹമ്മദ് നബി പ്രായോഗികമായി പഠിപ്പിക്കുകയും ചെയ്തിട്ടുള്ള ഇസ്‌ലാമിന്റെ മൗലിക അധ്യാപനങ്ങളിൽനിന്ന് വ്യതിചലിക്കുന്ന വിശ്വാസ ആചാരങ്ങൾ മതപരമായി തെറ്റാണെന്ന് പ്രബോധനം ചെയ്യുകയാണ് മുഹമ്മദ്ബ്നു അബ്ദിൽ വഹാബ് ചെയ്തത്.*

*ഇസ്‌ലാമിനുള്ളിലെ ഒരു പുനരുദ്ധാന നീക്കം മാത്രമായിരുന്നു മുഹമ്മദ്ബ്നു അബ്ദുൽ വഹാബിന്റെ പ്രവർത്തനങ്ങൾ. അതിനിടയിൽ മറ്റേതെങ്കിലും മതത്തെയോ വിശ്വാസ ആചാരങ്ങളെയോ തകർക്കാനുള്ള ഒരു ശ്രമവും ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ഏറ്റവും വിഖ്യാത കൃതിയായ 'കിതാബുത്തൗഹീദി'ൽ ഇസ്‌ലാമിന്റെ വിശ്വാസ മൗലികതയാണ് പ്രമേയം. പരമത വിദ്വേഷമോ അസഹിഷ്ണുതയോ അതിലൊരിടത്തും ഇല്ല. 'വഹാബിസത്തെ' വിമർശിക്കുമ്പോൾ മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ ചരിത്രമോ അദ്ദേഹത്തിന്റെ കൃതികളോ വായിച്ചിരിക്കാൻ ഇടയില്ല"– മുജീബുർറഹ്മാൻ കിനാലൂർ, 'വഹാബി ഇസ്‌ലാമും ഭീകരവാദവും– രാം ജെത്മലാനിയുടെ മഞ്ഞ കണ്ണട', വർത്തമാനം പത്രം 2009 നവംബർ 26). പ്രതികരണം?*

***അൻവർ അയനിക്കാടൻ,***
***പുല്ലങ്കോട്***

**ശി**ർക്ക്-ബിദ്അത്തുകൾക്കെതിരെ ജിഹാദ് പ്രഖ്യാപിച്ചു രംഗത്ത് വന്ന പരിഷ്കർത്താവാണ് ശൈഖ് മുഹമ്മദ്ബ്നു അബ്ദിൽ വഹാബ് (1703–1792). അറേബ്യയിൽ സഊദ് രാജവംശത്തിന്റെ പിന്തുണ കൂടി ലഭിച്ച ഈ പരിഷ്കരണ പ്രസ്ഥാനം വഹാബി പ്രസ്ഥാനം എന്ന പേരിലാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. ആ പേര് ശത്രുക്കൾ മാത്രമല്ല മിത്രങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ചില അറബി പാഠപുസ്തകങ്ങളിൽ *അൽ ഹറകതുൽ വഹാബിയ്യ* (വഹാബി പ്രസ്ഥാനം) എന്ന ശീർഷകം തന്നെ കാണാം. അറേബ്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വം കുടിയിരുത്തിയ പ്രവാചക വംശജരെന്നവകാശപ്പെട്ട നാടുവാഴികളെ തുരത്തിയാണ് മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ പ്രസ്ഥാനത്താൽ സ്വാധീനിക്കപ്പെട്ട ആലു സഊദ്, സുഊദി കുടുംബവാഴ്ച സ്ഥാപിച്ചത്. ഈ വിരോധം തീർക്കാൻ ബ്രിട്ടീഷ് കോളനികളായിരുന്ന ഇന്ത്യയിലടക്കം വഹാബി പ്രസ്ഥാനത്തിനെതിരെ ഭരണാധികാരികൾ പ്രചാരണം അഴിച്ചുവിട്ടു. വഹാബി ചിന്തകളോട് കലഹിച്ച യാഥാസ്ഥിതിക വിഭാഗങ്ങൾ അത് ഏറ്റുപാടുകയും ചെയ്തു. മൗലാനാ മുഹമ്മദലി ജൗഹറിനെപ്പോലുള്ള ധീര സ്വാതന്ത്ര്യ സമരനായകർ പോലും വഹാബിസത്തെ എതിർത്തവരാണ്. രാം ജത്മലാനിയുടെ ഒടുവിലത്തെ ആക്രമണത്തിന് ഇതും പശ്ചാത്തലമൊരുക്കിയിരിക്കണം.

സലഫികളുടെ പ്രവർത്തനശൈലി പൊതുവെ ആത്യന്തികവും പലപ്പോഴും പ്രകോപനപരവുമായിട്ടുണ്ട്. ആയുധമെടുത്താൽ മാത്രമേ തീവ്രവാദമാവൂ എന്നില്ല. ചിന്താപരമായ തീവ്രവാദമാണ് ചിലപ്പോൾ സായുധ തീവ്രവാദത്തിലേക്ക് നയിക്കുക. നിസ്സാര മതപ്രശ്നങ്ങളെ വലിച്ചുനീട്ടി കടുത്ത നിലപാടുകൾ സ്വീകരിക്കുന്ന രോഗം കേരള സലഫികൾക്കുമുണ്ട്. നമസ്കാരത്തിലെ കൈകെട്ട്, തശഹ്ഹുദിലെ ചൂണ്ടുവിരൽ, തറാവീഹ് റക്അത്തുകളുടെ എണ്ണം, താടി രോമത്തിന്റെ വലിപ്പം, ബഹുഭാര്യാത്വത്തിലെ ഉദാരത, ജിന്ന് സാന്നിധ്യം തുടങ്ങി പല പ്രശ്നങ്ങളിലെയും ശാഠ്യങ്ങൾ ഉദാഹരണമാണ്. ഇത്തരം പ്രശ്നങ്ങളിൽ വിശാല ഇസ്‌ലാമിക വീക്ഷണം പുലർത്തുന്ന ജമാഅത്തെ ഇസ്‌ലാമിയെ അവർ അപഹസിക്കുകയും ചെയ്യുന്നു. മതത്തെ തീവ്രവത്കരിച്ചാൽ അങ്ങനെ ചെയ്തവരെത്തന്നെ അത് വിഴുങ്ങും എന്ന നബിവചനം ഇവർക്ക് മുന്നറിയിപ്പാണ്.

## മീൻ പിടിക്കാൻ ഖാദിയാനികളും

■ *'അഫ്ഗാനിസ്താൻ, ഭാഗ്യംകെട്ട നാട്' എന്ന തലക്കെട്ടിൽ 2009 നവംബർ ലക്കം സത്യദൂതനിൽ വന്ന ലേഖനത്തിലെ ഉദ്ധരണികളാണ് താഴെ:*

*"100 വർഷം മുമ്പ് അഫ്ഗാൻ ജനതയെ അഭിസംബോധന ചെയ്തുകൊണ്ട്, ജിഹാദീ ആവേശം വെടിഞ്ഞ് സ്വയം ഒരുപരിവർത്തനം വരുത്തണമെന്ന് വാഗ്ദത്ത മസീഹ് നടത്തിയ ഹൃദയസ്പൃക്കായ അഭ്യർഥനക്ക് പകരം തന്റെ രണ്ട് വിനീത ശിഷ്യരെ വധിച്ചുകളയുകയാണ് ആ ജനത ചെയ്തത്. അഫ്ഗാനികളുടെ വിധി വിപര്യയം വാഗ്ദത്ത മസീഹ് നേരത്തെ കണ്ടിരുന്നു..." തുടർന്ന് എഴുതുന്നു:*

*"മുസ്‌ലിം വേഷം ധരിച്ചവരെ ഭീതിയോടെ മറ്റുള്ളവർ നോക്കിക്കാണുന്ന സ്ഥിതി വന്നിരിക്കുന്നു. താരതമ്യേന സമാധാനം നിലനിൽക്കുന്ന കേരളക്കരയിൽനിന്നും തീവ്രവാദികളെ കുറിച്ചും ജിഹാദികളെക്കുറിച്ചുമെല്ലാമുള്ള വാർത്തകൾ കേട്ടുക്കൊണ്ടിരിക്കുന്നു. മീഡിയകൾ തീവ്രവാദികൾ എന്നും ജിഹാദികൾ എന്നുമെല്ലാം*

*വകതിരിവില്ലാതെ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. എത്രയോ ചെറുപ്പക്കാർ ജയിലറകളിൽ അകപ്പെട്ടിരിക്കുന്നു. സിമി എന്ന സംഘടന നിരോധിക്കപ്പെടുകയും അതിന്റെ നേതാക്കൾ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ തീവ്രവാദ ക്കേസുകളിൽ ലോക്കപ്പിലും ജയിലറകളിലുമായി കഴിയുകയാണ്. സംഗതി പന്തിയല്ലാ എന്നു കണ്ട് തുടങ്ങിയ കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടെയുള്ള മുസ്‌ലിം സംഘടനകൾ ഇപ്പോൾ തങ്ങളുടെ പ്രസിദ്ധീകരണങ്ങളിലൂടെ ജിഹാദ് വിശദീകരിക്കുന്ന തിരക്കിലാണ്. ഹ. അഹ്‌മദ്(അ)നെയും അഹ്‌മദിയാ പ്രസ്ഥാനത്തെയും 'ജിഹാദ് ദുർബലപ്പെടുത്തിയവർ', 'സാമ്രാജ്യത്വത്തിന്റെ ഏജന്റുമാർ' എന്നൊക്കെ ശകാരിച്ചിരുന്നവർ കിട്ടേണ്ടത് കിട്ടിയപ്പോൾ തോന്നേണ്ടത് തോന്നും എന്ന് പറയാറുള്ളത് പോലെ ജിഹാദിനെ സംബന്ധിച്ച് മസീഹ് മഊദ്(അ) 100 വർഷം മുമ്പ് നൽകിയ യഥാർഥ പാഠങ്ങൾ ഏറ്റുപാടാൻ തുടങ്ങിയിരിക്കുകയാണ്.*

*ചുരുക്കത്തിൽ വാഗ്ദത്ത മസീഹ് ഹ. അഹ്‌മദി(അ)ന്റെ തെളിമയാർന്ന അധ്യാപനങ്ങളിലേക്ക് മടങ്ങുകയല്ലാതെ മനുഷ്യരാശിക്ക് ഈ അഗ്നികുണ്ഡത്തിൽനിന്ന് രക്ഷപ്പെടാൻ മറ്റൊരു മാർഗവുമില്ല എന്ന യാഥാർഥ്യം ഇവിടെ ഉണർത്തുകയാണ്."*

*മുജീബിന്റെ പ്രതികരണം?*

***ഇ. നിസാർ കരുളായി***

1840ൽ ഖാദിയാനിൽ ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥനായിരുന്ന ഗുലാം മുർതസയുടെ മകനായി ജനിച്ച മീർസാ ഗുലാം അഹ്‌മദ്, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പാദസേവ ചെയ്ത തന്റെ കുടുംബ പാരമ്പര്യത്തിൽ അഭിമാനം കൊണ്ട ആളാണ്. പ്രഥമ സ്വാതന്ത്ര്യ സമരമായ 1857-ലെ ശിപായി ലഹള ഒതുക്കാൻ നിയോഗിക്കപ്പെട്ട 50 അശ്വഭടന്മാരെ നയിച്ചത് തന്റെ പിതാവായിരുന്നു എന്ന് ഗുലാം അഹ്‌മദ് അഭിമാനപൂർവം അനുസ്മരിച്ചിട്ടുണ്ട്. തന്റെ സഹോദരൻ ഗുലാം ഖാദിർ കലാപത്തിനെതിരെ ബ്രിട്ടീഷ് പട്ടാളത്തോടൊപ്പം നിലയുറപ്പിച്ചതും അയാൾ എടുത്തു പറയുന്നു. പിന്നീട് സാമ്രാജ്യത്വവിരുദ്ധരായ മുസ്‌ലിംസമൂഹത്തെ ആഴത്തിൽ പിളർക്കാൻ ബ്രിട്ടീഷുകാർ ഗുലാം അഹ്‌മദിനെ പ്രവാചകവേഷത്തിൽ അവതരിപ്പിക്കുകയായിരുന്നു. ഇയാൾ പിന്നെ ജിഹാദിനെ തള്ളിപ്പറയുകയല്ലാതെ അതിനെ പിന്താങ്ങുമോ? സാമ്രാജ്യത്വ പാദസേവ മതത്തിന്റെ മേൽവിലാസത്തിൽ അനുയായികളും തുടരുന്നു. ലണ്ടനാണ് ഖാദിയാനി ഖലീഫയുടെ ആസ്ഥാനം. ഇസ്‌ലാമിന്റെ ശത്രുക്കൾ നൽകുന്ന വൻ ധനസഹായത്തോടെ ലോകത്തെങ്ങും മുസ്‌ലിംസമൂഹത്തിൽ ആശയക്കുഴപ്പവും പിളർപ്പും സൃഷ്ടിക്കുകയാണ് ഖലീഫ ഏറ്റെടുത്ത ദൗത്യം. അതദ്ദേഹം പരമാവധി സത്യസന്ധമായി നിറവേറ്റുന്നു.

അഫ്ഗാനിസ്താനിലെയും ഇറാഖിലെയും ഫലസ്തീനിലെയും സാമ്രാജ്യത്വ-സയണിസ്റ്റ് അധിനിവേശത്തിനെതിരെ പൊരുതുന്നവരാണ് മീഡിയയുടെ കണ്ണിലെ ജിഹാദികൾ. ഇന്ത്യയിലാകട്ടെ ഫാഷിസത്തിനെതിരെ വിരൽ ചൂണ്ടുന്നവരൊക്കെയും ജിഹാദികളാണ്. തീർച്ചയായും ഇംപീരിയലിസം, ഫാഷിസം, സയണിസം, മതനിഷേധം പോലുള്ള മനുഷ്യത്വവിരുദ്ധമായ ആദർശങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുമെതിരെ യഥാർഥ വിശ്വാസികൾ പൊരുതിയേ തീരൂ. അതാണ് ഇസ്‌ലാമിലെ ജിഹാദ്. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി 1927-ൽ പുറത്തിറക്കിയ *അൽ ജിഹാദു ഫിൽ ഇസ്‌ലാം* ഖാദിയാനിസത്തിൽനിന്ന് പ്രചോദനം

ഉൾക്കൊണ്ട് എഴുതിയതല്ല. ഖുർആനും സുന്നത്തും ചരിത്ര വസ്തുതകളുമാണ് അതിന്നാധാരം. ജിഹാദിനെക്കുറിച്ച് കൃത്യമായ സങ്കൽപവും വിവരവുമുള്ളതു കൊണ്ടാണ് ജമാഅത്ത് തുടക്കം മുതൽക്കേ പ്രബോധനത്തിന് സമാധാനപരമായ മാർഗം സ്വീകരിച്ചത്. പട്ടികൾ കുരക്കുന്നത് കേട്ട് യാത്രാ സംഘം പിന്മാറാറില്ല. ഒറ്റുകാരെയും മഴുത്തായികളെയും ധീരപോരാളികളായി ചരിത്രം രേഖപ്പെടുത്തിയിട്ടുമില്ല.

1979-ലെ സോവിയറ്റ് അധിനിവേശം വരെ ശാന്തമായിരുന്നു അഫ്ഗാനിസ്താൻ. സോവിയറ്റ് സാമ്രാജ്യവാദികൾ പതിറ്റാണ്ടിനു ശേഷം ഒഴിഞ്ഞുപോയപ്പോൾ കുളംകലക്കാൻ അമേരിക്ക രംഗത്തെത്തി. 2001 മുതൽ യാങ്കി അധിനിവേശമാണ് അഫ്ഗാന്റെ ദുരന്തം. രണ്ടിന്റെ നേരെയും ഖാദിയാനികളുടെ നിലപാടെന്ത്? അവർ ആരുടെ പക്ഷത്ത് നിൽക്കുന്നു? രാഷ്ട്രീയം മതത്തിലില്ലെന്ന് പറഞ്ഞ് അരാഷ്ട്രീയ ഖിലാഫത്തുമായി ജനങ്ങളെ കബളിപ്പിച്ചാൽ പോരല്ലോ.

## പാലോളി കമ്മിറ്റിയുടെ ജോലി

■ *ഉത്തരവാദിത്വം നിർവഹിക്കേണ്ട പാലോളി കമ്മിറ്റി അംഗങ്ങൾ അത് നിർവഹിച്ചില്ലെന്നു മാത്രമല്ല, ജനങ്ങളെ കബളിപ്പിക്കലാണ് സോളിഡാരിറ്റിയുടെ മഞ്ചേരി സമ്മേളനം (ചന്ദ്രിക 2009 നവംബർ 16). പ്രതികരണം?*

***എം.ഒ അബ്ദുൽ ഖാദർ തിരൂവള്ളൂർ***

**ഏ**ത് അന്വേഷണ കമ്മിറ്റിയുടെയും ജോലി അന്വേഷിച്ച റിപ്പോർട്ടും ശിപാർശകളും സമർപ്പിക്കുകയാണ്. പാലോളി മുഹമ്മദ് കുട്ടി അധ്യക്ഷനായ കമ്മിറ്റിയും അതുതന്നെ ചെയ്തു. നിശ്ചിത സമയത്തിനകം റിപ്പോർട്ട് സമർപ്പിച്ചു. അത് ഇടതുമുന്നണിയും സർക്കാറും അംഗീകരിച്ചു നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ കമ്മിറ്റിയും ഇല്ലാതായി. സച്ചാർ റിപ്പോർട്ട് സമർപ്പിച്ച സമിതി ഇപ്പോൾ നിലവിലുണ്ടോ? അത് നടപ്പാക്കുന്നത് സമിതിയാണോ? വിമർശിക്കുമ്പോഴായാലും വിഡ്ഢിത്തം എഴുന്നള്ളിക്കരുത്. പാലോളി കമ്മിറ്റി നടപ്പാക്കാനാണ് സോളിഡാരിറ്റിയുടെ മഞ്ചേരി റാലി ആവശ്യപ്പെട്ടത്. മുസ്ലിം ലീഗ് എം.എൽ.എ അബ്ദുർറഹ്മാൻ രണ്ടത്താണിയും അതിൽ പങ്കെടുത്തിരുന്നു. 1967 മുതൽ സംസ്ഥാനം ഭരിച്ച പല സർക്കാറുകളുടെയും ഭാഗമായിരുന്നല്ലോ മുസ്ലിം ലീഗ്. ഒടുവിലത്തെ യു.ഡി.എഫ് സർക്കാറിൽ നാല് ലീഗ് മന്ത്രിമാരും ഉണ്ടായിരുന്നു. സ്വന്തം കാര്യവും പാർട്ടി കാര്യവും മാത്രം നോക്കി നടക്കാതെ ഉത്തരവാദിത്വം നിർവഹിച്ചിരുന്നെങ്കിൽ ഇന്നും പിന്നാക്ക സമുദായം പ്രക്ഷോഭവുമായി നടക്കേണ്ടിവരുമായിരുന്നോ? ■